

# പെരുമ്പടപ്പ്
# സെന്റ് ആന്റണീസ് ഇടവക

തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുട രൂപതയുടെ പടിഞ്ഞാറെ അതിർത്തിയിൽ N.H.17-ൽ നിന്ന് കുറച്ച് കിഴക്കോട്ട് നീങ്ങി മതസൗഹാർദ്ദത്തിന്റെ പശ്ചാത്തലത്തിൽ ഏവർക്കും അനുഗ്രഹമായി അനേകം പതിറ്റാണ്ടുകളായി പെരുമ്പടപ്പ് സെന്റ് ആന്റണീസ് ദേവാലയം നിലകൊള്ളുന്നു. എടത്തിരുത്തി പള്ളിയുടെ ഭാഗമായിരുന്ന ഈ പ്രദേശത്ത് ഒരു കൊച്ചു ക്രിസ്ത്യൻ സമൂഹം വി. അന്തോനീസിന്റെ നാമധേയത്തിൽ പ്രവർത്തിക്കുകയുണ്ടായി. പിന്നീട് 1913-ൽ എടത്തിരുത്തി താടിക്കാരൻ പറിഞ്ചു അന്തോണിയുടെ പക്കൽ നിന്നും മറ്റുചില വ്യക്തികളിൽ നിന്നുമായി കിട്ടിയ സ്ഥലത്ത് ഒരു കുരിശുപള്ളി സ്ഥാപിച്ചു.

1915-ൽ ഇടവകയായിത്തീർന്നു. ക്രമേണ അനുവാദം ലഭിച്ചപ്പോൾ സിമിത്തേരിയും നിർമ്മിച്ചു. അന്ന് ഈ പ്രദേശത്ത് ക്രൈസ്തവർ നന്നേ കുറവായിരുന്നതിനാൽ പള്ളിക്കുസമീപം ക്രൈസ്തവസാന്നിധ്യം വർദ്ധിക്കുന്നതിനുവേണ്ടി പള്ളിവക കുറച്ചുസ്ഥലം തുച്ഛമായ വിലയ്ക്ക് ക്രിസ്തീയ വിശ്വാസികൾക്ക് നല്കുകയുണ്ടായി. കൈക്കാരന്മാരായ വാറുണ്ണി ചാക്കു, പുലിക്കോട്ടിൽ കുഞ്ഞി പൗലോസ് അന്തപ്പൻ, ചാലിശ്ശേരി ഔസേഫ് ചുമ്മാർ എന്നിവരുടെ നേതൃത്വത്തിൽ കുറി നടത്തിയതിൽ നിന്ന് ലഭിച്ച സാമ്പത്തികനേട്ടം പള്ളിയുടെ ഭൂസ്വത്ത് വർദ്ധിക്കാൻ ഉപകരിച്ചു. 1947-ൽ പള്ളി പുനർനിർമ്മിച്ചുവെന്നാണ് പൊതുധാരണ. അവിഭക്ത തൃശ്ശൂർ രൂപതയുടെ കാലഘട്ടത്തിൽ എടത്തിരുത്തി, പഴുവിൽ, കയ്പമംഗലം, മതിലകം എന്നീ പള്ളികളിലെ വികാരിമാരാണ് ഇവിടെയും വികാരിമാരായി നിയോഗിക്കപ്പെട്ടിരുന്നത്.

1978-ൽ ഇരിങ്ങാലക്കുട രൂപത നിലവിൽ വന്നതിനുശേഷം സാധാരണ ഗതിയിൽ മതിലകം പള്ളി വികാരിമാരാണ് ഇവിടെ അജപാലന ശുശ്രൂഷ നിർവ്വഹിച്ചിരുന്നത്. സ്ഥിരം വികാരി നിയമിതനാകുന്നതുവരെ ഞായറാഴ്ചകളിലും ചൊവ്വാഴ്ചകളിലും മറ്റു വിശേഷദിവസങ്ങളിലും മാത്രമായിരുന്നു ഇവിടെ കുർബാനയർപ്പണം.



വൈദിക മന്ദിരം

## പുതിയ പള്ളി, ഹാൾ

1979-ൽ ബഹു. ആന്റോ തച്ചിലച്ചൻ വികാരിയായി നിയമിതനായി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 1984-ൽ ഉയർന്നുവന്നതാണ് നിലവിലുള്ള ദൈവാലയം. ബഹു. ആന്റണി തെക്കിനിയത്ത് വികാരിയായിരുന്ന കാലഘട്ടത്തിലാണ് പള്ളിയുടെ മുഖവാരവും മണിമാളികയും നിർമ്മിക്കപ്പെട്ടത്. പള്ളിയിൽ നിന്ന് കുറച്ച് കിഴക്കുമാറി സ്ഥിതിചെയ്യുന്ന വി. അന്തോനീസിന്റെ കപ്പേളയുടെ സ്ഥാപനവും കുടുംബസമ്മേളന യൂണിറ്റുകളുടെ രൂപീകരണവും നടന്നത് ബഹു. വിത്സൻ ഈരത്തറയച്ചന്റെ ഉത്സാഹത്തിലാണ് (1996). ബഹു. ഡോ. വർഗ്ഗീസ് പാലത്തിങ്കലച്ചന്റെ ദീർഘവീക്ഷണത്തിന്റെ ഫലമാണ്, 1998-ൽ സ്ഥാപിതമായ മതബോധനഹാളും വൈദികമന്ദിരവും. അക്കാലത്താണ് സിമിത്തേരി നവീകരിച്ചതും.



പാരിഷ് ഹാൾ

## സ്ഥിരവാസമുള്ള വികാരി

1999 ജനുവരിയിൽ ഇടവകയ്ക്ക് സ്ഥിരമായി ഒരിടയനെ ലഭിച്ചു. അതോടെ ഇടവകയുടെ



പരി. കന്യകാമറിയത്തിന്റെ ഗ്രോട്ടോ

പ്രവർത്തനങ്ങൾ കൂടുതൽ സജീവമാകാൻ തുടങ്ങി. ഇദംപ്രഥമമായി നിയോഗിക്കപ്പട്ടത് ബഹു. ആന്റോ പാറാശ്ശേരിയച്ചനാണ്. ഇവിടെ താമസിച്ച് ഈസ്റ്റ് ചെന്ത്രാപ്പിന്നി പള്ളികൂടി നടത്തുന്ന വിധത്തിലായിരുന്നു സംവിധാനം. തുടർന്ന് വന്ന ബഹു. ആന്റോ കരിപ്പായി അച്ചനാണ് പാരിഷ് ബുള്ളറ്റിന് തുടക്കം കുറിച്ചത്. വികാരിയായിരുന്ന ബഹു. വിത്സൻ എലുവത്തിങ്കൽ കൂനൻ അച്ചന്റെ നേതൃത്വത്തിൽ പാദുവായിൽ നിന്ന് കൊണ്ടുവന്ന വി. അന്തോണീസിന്റെ തിരുശേഷിപ്പ് 2005-ൽ ഇവിടെ പ്രതിഷ്ഠിച്ചു. കൂടാതെ, പരി. കന്യകാമറിയത്തിന്റെ മനോഹരമായ ഒരു ഗ്രോട്ടോ, പുലിക്കോട്ടിൽ അന്തപ്പൻ പീറ്ററും കുടുംബവും 2005-ൽ പള്ളിക്ക് നിർമ്മിച്ചുനല്കുകയുണ്ടായി.

## ദേവാലയ പുനർനിർമ്മാണം

സ്ഥലപരിമിതി മൂലം തിരുക്കർമ്മങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതകൊണ്ട് പുതിയ ദേവാലയ നിർമ്മാണത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപന കർമ്മം 2008 ജൂൺ 14-ാം തിയ്യതി അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിച്ചു. പണികൾ റവ. ഫാ. ബെന്നി ചെറുവത്തൂരിന്റെ നേതൃത്വത്തിൽ വേണ്ടവിധം മുന്നോട്ടുനീങ്ങുന്നു. ഇടവക മദ്ധ്യസ്ഥനായ വി. അന്തോണീസ് ഈ ദേവാലയ നിർമ്മാണത്തിൽ തങ്ങളോടൊപ്പം



സെന്റ് ആന്റണീസ് കപ്പേള



നിർമ്മാണത്തിലിരിക്കുന്ന നവീന ദേവാലയം

ഉണ്ടെന്ന വിശ്വാസത്തിൽ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകജനം ഒറ്റക്കെട്ടായി മുന്നോട്ടുപോകുന്നു.